# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്

**സംസ്ഥാന കാര്യാലയം, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം-33**

*Website*: **www.ksbsg.kerala.gov.in** *Email*: **secy.ksbsg@kerala.gov.in** ഫോൺ. **0471 - 2317480**




| *രക്ഷാധികാരി* | *അദ്ധ്യക്ഷൻ* | *സംസ്ഥാന ചീഫ് കമ്മീഷണർ* | *സംസ്ഥാന സെക്രട്ടറി* |
|---|---|---|---|
| ആരിഫ് മുഹമ്മദ് ഖാൻ | വി. ശിവൻകുട്ടി | ഷാനവാസ്. എസ്., IAS | എൻ. കെ. പ്രഭാകരൻ, |
| ബഹു. കേരള ഗവർണർ | പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി | ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ | Phone : 8086047335 |


*നമ്പർ.* **F-1445/2023/KSBSG** *തീയതി.* ***21-06-2023***

സ്വീകർത്താവ്

**ജില്ലാ സെക്രട്ടറിമാർ**

സർ,

***വിഷയം:-*** ***കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് - 2023-24 ബാഡ്ജ് ടെസ്റ്റിനുള്ള മാർഗ്ഗരേഖ അയക്കുന്നത് - സംബന്ധിച്ച്***

കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ 2023-24 വർഷത്തെ ബാഡ്ജ് ടെസ്റ്റുകൾക്കുള്ള സംസ്ഥാന അസോസിയേഷൻ അംഗീകരിച്ച മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033

**സംസ്ഥാന സെക്രട്ടറി**

## കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ് തിരുവനന്തപുരം

### *ബാഡ്ജ് ടെസ്റ്റുകൾ - മാർഗരേഖ*

യുവതലമുറയുടെ സമ്പൂർണ്ണ വ്യക്തിത്വവികാസം ലക്ഷ്യം വെച്ചുകൊണ്ട് സ്വയംസന്നദ്ധമായും രാഷ്ട്രീയാതീതമായും പ്രവർത്തിക്കാവുന്ന ഒരു വിദ്യാഭ്യാസ പ്രസ്ഥാനമാണ് സ്കൗട്ട്സ് ആൻറ് ഗൈഡ്സ്. മുതിർന്നവരുടെ മേൽനോട്ടത്തിൽ ചെറുസംഘങ്ങളായി (Patrol System) പ്രവർത്തിക്കുക എന്ന സ്കൗട്ട്-ഗൈഡ് രീതി ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിനും, നേതൃശേഷി വികസനത്തിനും ഏറെ പ്രയോജനകരമാണ്. ഓരോ age ഗ്രൂപ്പിനും യോജിച്ച തരത്തിലുള്ള ക്രമാനുഗതമായ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു പാഠ്യപദ്ധതിയാണ് സ്കൗട്ട്-ഗൈഡ് പ്രസ്ഥാനം മുന്നോട്ട് വെക്കുന്നത്. വിശ്രമ വേളകൾ പ്രയോജന പ്രദമാക്കുന്നതിനും, യുവതലമുറയുടെ അഭിരുചികൾ വികസിപ്പിക്കുന്നതിനും, വിവിധങ്ങളായ പ്രാവീണ്യമുദ്രകൾ നേടിയെടുക്കുന്നതിനുള്ള അവസരവും സ്കൗട്ട്-ഗൈഡ് അംഗങ്ങൾക്കു ലഭിക്കുന്നു. ബണ്ണീസ് മുതൽ റോവർ/റേഞ്ചർ വരെയുള്ള വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അവരവരുടെ പ്രായത്തിനനുസരിച്ചുള്ള ക്രമാനുഗതമായ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയാണ് ഉള്ളത്. സ്കൗട്ട്-ഗൈഡുകളുടെ വിവിധ ബാഡ്ജ് പ്രവർത്തനങ്ങളും പരിശോധനയും ഫലപ്രദമായ രീതിയിൽ നടത്തുക എന്നത് ഏറെ ശ്രമകരമാണ്. നിലവിൽ നടത്തിവരുന്ന ബാഡ്ജ് പ്രവർത്തനങ്ങളും വിലയിരുത്തൽ രീതികളും യൂണിറ്റ് ലീഡർമാർക്കും സ്കൗട്ട്-ഗൈഡുകൾക്കും ഒരുപോലെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ലോക്കൽ, ജില്ല, സംസ്ഥാന അസോസിയേഷനുകൾക്കും ടെസ്റ്റിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും പ്രയാസം നേരിടുന്നു.

**നിലവിലുള്ള ടെസ്റ്റിംഗ് രീതിയുടെ പോരായ്മകൾ**

- എല്ലാ മേഖലകളിലുമുള്ള കഴിവുകൾ ടെസ്റ്റ് ചെയ്യാൻ സാധിക്കുന്നില്ല.
- ലോഗ് പരിശോധനയ്ക്കും, റെക്കോഡ് പരിശോധനയ്ക്കും അമിത പ്രാധാന്യം ലഭിക്കുന്നു.
- പ്രായോഗിക പരിജ്ഞാനം പരിശോധിക്കുന്നതിനേക്കാൾ ഓർമ്മപരിശോധനക്ക് മുൻതൂക്കം നൽകുന്നു.
- സ്കൗട്ട് ഗൈഡ് നൈപുണികൾ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ അവസരം ലഭിക്കുന്നില്ല.
- ടെസ്റ്റ് നടത്തിപ്പിന് വേണ്ടത്ര സമയം ലഭിക്കാത്ത അവസ്ഥ
- സംസ്ഥാനത്താകെ ഒരേ സമയം ടെസ്റ്റ് നടക്കുമ്പോൾ ആവശ്യമായ എക്സാമിനർമാരെ ലഭിക്കാത്ത അവസ്ഥ.
- റീ ടെസ്റ്റ് അവസരമില്ലാത്തതിനാൽ അടുത്ത വർഷത്തെ ടെസ്റ്റിനായി കാത്തിരിക്കേണ്ടി വരുന്നു.
- പ്രാവീണ്യ മുദ്രകളുടെ ടെസ്റ്റുകൾ നടത്തുന്നതിലെ പോരായ്മ.
- സ്കൗട്ട്-ഗൈഡുകൾക്കും,യൂണിറ്റ് ലീഡർമാർക്കുമുള്ള പിരിമുറുക്കം.
- രാജ്യപുരസ്കാർ ടെസ്റ്റിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിലുള്ള വൻ വർദ്ധന.
- ടെസ്റ്റിനു ശേഷം വർദ്ധിച്ചു വരുന്ന പരാതികൾ.
- ചൈൽഡ്‌ലൈൻ, കോടതി, ബാലാവകാശ കമ്മീഷൻ തുടങ്ങിയവ മുമ്പാകെ വരുന്ന പരാതികൾ
- ഗ്രേസ് മാർക്കിന് അമിതപ്രാധാന്യം ലഭിച്ചതോടെ സ്കൗട്ട്-ഗൈഡ് ലക്ഷ്യം പിന്നിലായി.

മേൽ സൂചിപ്പിച്ച പ്രശ്നങ്ങളൊക്കെ ഒരു പരിധിവരെ പരിഹരിക്കണമെങ്കിൽ പട്രോൾ സിസ്റ്റം അനുസരിച്ച് പ്രവർത്തിക്കുകയും, അതിന്റെ അടിസ്ഥാന പ്രവർത്തനരീതികളായ പട്രോൾ ഇൻ കൗൺസിൽ, കോർട്ട് ഓഫ് ഓണർ, പട്രോൾ/ട്രൂപ്പ് /കമ്പനി മീറ്റിംഗുകൾ എന്നിവ കൃത്യമായി നടത്തുകയും വേണം. ഗ്രേസ് മാർക്ക് ലഭിക്കുന്നതോടൊപ്പം ഉയർന്ന ബാഡ്ജുകൾ നേടുന്ന കുട്ടികൾ പ്രസ്ഥാനം മുന്നോട്ട് വെക്കുന്ന പതിനാല് പ്രോഗ്രാം ഐഡിയൽസ് സ്വാംശീകരിച്ചു എന്നും ബോധ്യപ്പെടേണ്ടതുണ്ട്. അങ്ങനെയാവണമെങ്കിൽ യൂണിറ്റുകളിൽ ശരിയായ പട്രോൾ സമ്പ്രദായത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള കാര്യങ്ങൾ ടെസ്റ്റിൽ ഉൾപ്പെടുത്തണം. സ്കൗട്ട്-ഗൈഡ് പ്രസ്ഥാനത്തിന്റെ പ്രധാന നാലു തൂണുകളായ സദ്സ്വഭാവം, ആരോഗ്യവും കായികശേഷിയും, കരകൗശലവും നൈപുണികളും, സേവനമനോഭാവം എന്നിവ സ്കൗട്ട്/ഗൈഡുകൾ നേടിയിട്ടുണ്ടോ എന്ന പരിശോധന ആയിരിക്കണം ടെസ്റ്റിംഗ് ക്യാമ്പുകളിലൂടെ നടക്കേണ്ടത്. സ്കൗട്ട്-ഗൈഡ് നിയമവും പ്രതിജ്ഞയും അനുസരിച്ച് പ്രവർത്തിക്കുക എന്നതും അത് ജീവിതചര്യയാക്കി മാറ്റുക എന്നതും പ്രാധാന്യമർഹിക്കുന്നു. ശിശുകേന്ദ്രീകൃതവും, ലളിതവും, ഭയരഹിതവും, ഏകീകൃത സ്വഭാവമുള്ളതുമായ പരിശോധനാരീതിയാണ് കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ് ലക്ഷ്യമിടുന്നത്. കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്തി ടെസ്റ്റ് രീതി നവീകരിക്കുവാൻ ഉദ്ദേശിച്ചുള്ള വിശദമായ മാർഗ്ഗരേഖ അവതരിപ്പിക്കുന്നു.

**2023 – 24 വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ടെസ്റ്റിംഗ് രീതി.**

**പ്രവേശ്**

- APRO പ്രകാരമുള്ള കാലയളവ് യൂണിറ്റിൽ പ്രവർത്തിക്കുക.
- യുനിറ്റ് റെക്കോഡ്ബുക്കിൽ എൻറോൾ ചെയ്യുക. ആവശ്യമായ ലോഗ് ബുക്ക് തയ്യാറാക്കുക.
- പ്രവേശ് പാഠങ്ങൾ പൂർത്തീകരിച്ചു എന്ന് യൂണിറ്റ് ലീഡർക്ക് ബോധ്യപ്പെട്ടാൽ ഇൻവസ്റ്റിച്ചർ നടത്തി, പ്രവേശ് ബാഡ്ജ് നൽകി UID രജിസ്ട്രേഷൻ പൂർത്തീകരിച്ച് ലോക്കൽ അസോസിയേഷനുമായി ബന്ധപ്പെട്ട ADOC മാർക്ക് Report ചെയ്യേണ്ടതാണ്.
- യുണിറ്റ് ലീഡർക്ക് വാറന്റ് ലഭിച്ചതിനു ശേഷം മാത്രമേ ഇൻവെസ്റ്റിച്ചർ നടത്താൻ പാടുള്ളൂ. IMF, IRF അടച്ചിട്ടുണ്ടാകണം. ഇൻവെസ്റ്റിച്ചർ ചടങ്ങിലേക്ക് ലോക്കൽ അസോസിയേഷൻ ഒഫീഷ്യൽസിൽ ആരെയെങ്കിലും പങ്കെടുപ്പിക്കുന്നതും പങ്കെടുക്കുന്ന ആൾ ഇൻവെസ്റ്റിച്ചർ നടത്തപ്പെടുന്ന കുട്ടികളുടെ റെക്കോർഡുകളിൽ ഒപ്പു വെക്കേണ്ടടുമാണ്.

  (പ്രവേശ് ബാഡ്ജ് നൽകുന്നതിനു മുമ്പ് തന്നെ ലോഗ് പരിശോധനയും സിലബസ് അനുസരിച്ചുള്ള മുഴുവൻ ഭാഗങ്ങളിലേയും, അറിവ് പരിശോധനയും യൂണിറ്റ് ലീഡർ പൂർത്തീകരിക്കണം.)
- ADOC മാർ ഓരോ ലോക്കലിലും പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ലോക്കൽ തയ്യാറാക്കുന്ന രജിസ്റ്ററിൽ ചുവടെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തണം

  1. Name of Unit
  2. Charter No
  3. Name of Scout / Guide
  4. UID No.
  5. Dateof Birth
  6. Name of father
  7. Date of Joining the unit
  8. Date of Investiture
  9. Date of Pratham Sopan
  10. Date of Dwithiya sopan
  11. Name and signature of ADOC

## പ്രഥമ സോപാൻ ടെസ്റ്റ്:-

- യൂണിറ്റ് ലീഡറാണ് നടത്തേണ്ടത്.
- ടെസ്റ്റിന് മുമ്പ് ADOC യിൽ നിന്ന് പെർമിറ്റ് കാർഡ് യൂണിറ്റ് ലീഡർ കൈപ്പറ്റണം. ആ ലിസ്റ്റ് അനുസരിച്ചാണ് ടെസ്റ്റിന് കുട്ടികളെ പങ്കെടുപ്പിക്കേണ്ടത്.
- പ്രഥമസോപാൻ ലോഗ് ബുക്ക് ടെസ്റ്റ് സമയത്ത് പരിശോധിക്കേണ്ടതാണ്. ADOC/ലോക്കൽ ചുമതലപ്പെടുത്തുന്ന ആൾ കുട്ടികളുടെ റെക്കോഡുകളിൽ ഒപ്പ് വെക്കേണ്ടതാണ്.
- ടെസ്റ്റ് വിജയകരമായി പൂർത്തിയാക്കുന്നവരുടെ ലിസ്റ്റ് ADOC മാർക്ക് നൽകേണ്ടതാണ്. ADOC മാർ നേരത്തെ തയ്യാറാക്കിയ രജിസ്റ്ററിൽ പ്രഥമ സോപാൻ നേടിയ വിവരം രേഖപ്പെടുത്തണം.
- യൂണിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തണം.
- പ്രവേശ് ബാഡ്ജിനും പ്രഥമസോപാൻ ബാഡ്ജിനും യോഗ്യത നേടിയവരുടെ ലിസ്റ്റ് യൂണിറ്റ് ലീഡർമാർ ADOC ക്കും ലോക്കൽ അസോസിയേഷൻ സെക്രട്ടറിക്കും അയച്ച് കൊടുക്കേണ്ടതാണ്.
- മേൽ സമിതിയിലേക്കുള്ള അറിയിപ്പുകൾ സെക്രട്ടറിമാർ വഴി നൽകേണ്ടതാണ്.

  (**NB**:- ADOC മാർ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്നുള്ള Scout/Guide കൾക്കു മാത്രമേ ദ്വിതീയ സോപാൻ ക്യാമ്പിൽ പങ്കെടുക്കാൻ കഴിയൂ.)

## ദ്വിതീയ സോപാൻ ടെസ്റ്റിംഗ് ക്യാമ്പ്:-

- ലോക്കൽ അസോസിയേഷൻ നടത്തണം.ട്രെയിനിംഗ് കൗൺസിലർ, ADOC എന്നിവരുടെ നേതൃത്വത്തിൽ ടെസ്റ്റിംഗ്ക്യാമ്പ് സംഘടിപ്പിക്കണം
- യൂണിറ്റ് ലീഡർമാർ ടെസ്റ്റിൽ പങ്കെടുക്കാൻ യോഗ്യതയുള്ള Scout/Guideകളുടെ ലിസ്റ്റ് മുൻകൂട്ടി ADOC മാർക്ക് നൽകണം.
- ADOC മാർ ലോക്കൽ തയ്യാറാക്കിയ ലിസ്റ്റുമായി ഒത്തുനോക്കി confirm ചെയ്യണം.
- ടെസ്റ്റിംഗ് ക്യാമ്പ് 3 മുഴുവൻ ദിവസങ്ങളിലായി നടത്തേണ്ടതാണ്.
- ക്യാമ്പ് ലീഡറെ ജില്ല ചുമതലപ്പെടുത്തണം.
- ലീഡർക്കു പുറമേ 15 Scout/Guide കൾക്ക് ഒരു Examiner എന്നക്രമത്തിൽ Staff നെ നിയമിക്കണം.
- DOC അല്ലെങ്കിൽ ജില്ല ചുമതലപ്പെടുത്തുന്ന observer ക്യാമ്പ് സന്ദർശിച്ച് കുട്ടികളുടെ റെക്കോഡുകളിൽ ഒപ്പ് വെക്കുകയും ജില്ലക്ക് Report സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.
- ടെസ്റ്റിംഗ്ക്യാമ്പിന് ശേഷം വിജയകരമായി പൂർത്തീകരിച്ചവരുടെ ലിസ്റ്റ് DOC മാർക്ക് നൽകേണ്ടതാണ്.
- DOC മാർ ജില്ലാ തലത്തിൽ ദ്വിതീയ സോപാൻ പൂർത്തീകരിച്ചവരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും അതിന്റെ കോപ്പി ബന്ധപ്പെട്ട ASOC മാർക്ക് അയച്ചു കൊടുക്കുകയും വേണം.

## ത്രിതീയ സോപാൻ ടെസ്റ്റിംഗ് ക്യാമ്പ്:-

- ടെസ്റ്റിംഗ് Camp ജില്ലയാണ് സംഘടിപ്പിക്കേണ്ടത്.
- യൂണിറ്റു ലീഡറുടെ അപേക്ഷ പ്രകാരം ADOC മാർ ത്രിതീയ സോപാൻ ടെസ്റ്റിൽ പങ്കെടുക്കാൻ യോഗ്യതയുള്ള Scout/Guide കളുടെ ലിസ്റ്റ് ജില്ലക്ക് സമർപ്പിക്കുന്നു.
- ജില്ലാലിസ്റ്റുമായി ഒത്തുനോക്കി approve ചെയ്യുന്നു.
- ടെസ്റ്റിംഗ് ക്യാമ്പ് 3 മുഴുവൻ ദിവസങ്ങളിലായി നടത്തുക. ജില്ലാ ബാഡ്ജ് കമ്മിറ്റി ചേർന്ന്

ആവശ്യമായ എക്സാമിനേർസിനെ നിയമിക്കുക.

- ജില്ലയ്ക്ക് പുറത്തുള്ള ട്രെയിനർക്ക് ലീഡറുടെ ചുമതല നൽകണം. ക്യാമ്പ് ലീഡറെ നിയമിക്കാനുള്ള ചുമതല അതത് ജില്ലകളുടെ DTC മാർക്കാണ്.
- 15 scouts/Guides ഒരു എക്സാമിനർ എന്ന ക്രമത്തിൽ Examiners നിയമിക്കണം. ASOC മാർ/ചുമതലയുള്ള ഒബ്സർവർ ടെസ്റ്റിംഗ് ക്യാമ്പ് സന്ദർശിച്ച് കുട്ടികളുടെ റെക്കോഡുകളിൽ ഒപ്പ് വെക്കണം.
- ത്രിതീയ സോപാൻ ലോഗുകൾ മാത്രം ടെസ്റ്റിംഗ് ക്യാമ്പിൽ വെച്ച് പരിശോധിക്കുക.
- ടെസ്റ്റിംഗ് വിജയകരമായി പൂർത്തിയാക്കിയവരുടെ ലിസ്റ്റ് ടെസ്റ്റ് കഴിഞ്ഞ ഉടനെ സ്റ്റേറ്റിലേക്ക് Mail ചെയ്യുകയും Hard copy അയച്ചു കൊടുക്കുകയും വേണം.
- സ്റ്റേറ്റ് തലത്തിൽ ത്രിതീയ സോപാൻ ബാഡ്ജ് നേടിയവരുടെ ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. DOC മാർ തയ്യാറാക്കുന്ന ലിസ്റ്റ് ജില്ലാ ചുമതലയുള്ള ASOC മാർ Countersign ചെയ്യണം. പിന്നീട് കൂട്ടി ചേർക്കലുകൾ അനുവദിക്കുന്നതല്ല.

## രാജ്യപുരസ്കാർ ടെസ്റ്റിംഗ് ക്യാമ്പ്

- സ്റ്റേറ്റ് അസോസിയേഷന്റെ നിർദ്ദേശപ്രകാരം ജില്ലകളിൽ സംഘടിപ്പിക്കണം.
- 3 മുഴുവൻ ദിവസങ്ങളിലായി നടത്തുക.
- ലീഡറേയും എക്സാമിനേഴ്സിനേയും അതത് STC മാരുടെ അംഗീകാരത്തോടെ സ്റ്റേറ്റ് നിയമിക്കുന്നതാണ്. (15 പേർക്ക് ഒരു എക്സാമിനർ എന്ന ക്രമത്തിൽ)
- അപേക്ഷയും ലിസ്റ്റും ജില്ല മുഖാന്തിരം സ്റ്റേറ്റിലേക്ക് അയക്കുകയും സ്റ്റേറ്റ് ലിസ്റ്റുമായി ഒത്തുനോക്കി Approve ചെയ്യുകയും വേണം.
- State approve ചെയ്ത List ൽ ഉൾപ്പെട്ടവർക്കു മാത്രമേ RP ടെസ്റ്റിംഗ് ക്യാമ്പിൽ പങ്കെടുക്കുവാൻ കഴിയൂ.
- RP ലോഗുകൾ മാത്രം പരിശോധിക്കുക. SOC / S.H.Q ചുമതലപ്പെടുത്തുന്ന observer ക്യാമ്പ് സന്ദർശിച്ച് റെക്കോഡുകളിൽ ഒപ്പ് വെക്കേണ്ടതാണ്.
- ടെസ്റ്റിംഗ് ക്യാമ്പ് വിജയകരമായി പൂർത്തിയാക്കുന്ന മുഴുവൻ Scout/Guide കൾക്കും രാജ്യപുരസ്കാർ ബാഡ്ജ് ലഭിക്കുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

- ക്യാമ്പുകൾ സംഘടിപ്പിക്കുമ്പോൾ 150 ൽ അധികം കുട്ടികൾ വരുമ്പോൾ ഒന്നിലധികം ക്യാമ്പുകളായി നടത്തേണ്ടതാണ്. സംസ്ഥാനമൊട്ടുക്ക് ഒരേ രീതിയിലും ഉള്ളടക്കത്തിലുമായിരിക്കണം ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത്.
- സ്കൗട്ട്-ഗൈഡുകളുടെ എൻറോൾമെന്റ് പ്രായം, വിവിധ ബാഡ്ജുകളുടെ പ്രവർത്തന കാലാവധി എന്നിവ പുതിയ APRO വരുന്നതുവരെ നിലവിലെ രീതി തുടരേണ്ടതാണ്.
- ടെസ്റ്റിംഗ് ക്യാമ്പുകളുടെ ഉള്ളടക്കത്തെ സംബന്ധിച്ച വിശദാംശങ്ങൾ അതാത് സമയങ്ങളിൽ സർക്കുലറായി നൽകുന്നതാണ്.
- യൂണിറ്റ് റെക്കോഡുകൾ കൃത്യമായി എഴുതുകയും update ചെയ്യുകയും, ടെസ്റ്റിംഗ് ക്യാമ്പുകളിൽ പരിശോധനയ്ക്ക് ഹാജരാക്കുകയും വേണം.
- പ്രവേശ് കാലം മുതൽ തന്നെ ആവശ്യമായ ലോഗുകൾ തയ്യാറാക്കണം. ഓരോ ടെസ്റ്റ് സമയത്തും അതുവരെ തയ്യാറാക്കേണ്ട ലോഗുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വിവിധ ടെസ്റ്റിംഗ് ക്യാമ്പുകളിൽ പങ്കെടുക്കണമെങ്കിൽ ലോഗ് ബുക്കുകൾ നിർബ്ബന്ധമാണ്. സംസ്ഥാന അസോസിയേഷൻ പ്രിന്റ് ചെയ്തുതരുന്ന ലോഗ് ബുക്കോ ലഭ്യമല്ലെങ്കിൽ സ്വയം തയ്യാറാക്കുന്ന ലോഗ് ബുക്കുകളോ ആകാവുന്നതാണ്. ലോഗ് ബുക്കുകളിൽ നേടിയ

അറിവുകളും, ചെയ്ത പ്രവൃത്തികളും ചുരുങ്ങിയ വാക്യങ്ങളിൽ എഴുതിയാൽ മതി. ഓരോ ബാഡ്ജിനും വേണ്ടി നടത്തിയ തയ്യാറെടുപ്പുകളുടെ ലഘു വിവരണമാണ് അഭികാമ്യം. കുട്ടികൾ അവരവരുടെ കയ്യക്ഷരത്തിൽ തന്നെ എഴുതി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

- ♦ പ്രവേശ് മുതൽ ഓരോ ബാഡ്ജ് വർക്കു ചെയ്യുമ്പോഴും അതുവരെ പൂർത്തീകരിക്കേണ്ട ലോഗ് പൂർത്തിയാക്കി അധികാരികളുടെ ഒപ്പ് വാങ്ങേണ്ടതാണ്.
- ♦ RP ടെസ്റ്റ് സമയത്ത് ഒന്നിച്ചെഴുതുന്ന രീതി അനുവദിക്കുന്നതല്ല.
- ♦ പ്രൊഫിഷ്യൻസി ബാഡ്ജുകൾക്ക് വേണ്ടി തയ്യാറാക്കുന്ന ലോഗുകളും ഇതേ രീതിയിൽ തന്നെയാണ് വേണ്ടത്.
- ♦ പ്രൊഫിഷ്യൻസി ബാഡ്ജുകളുടെ പ്രായോഗിക അറിവ് പരിശോധന ടെസ്റ്റിംഗ് ക്യാമ്പുകളിൽ നടക്കുന്നതാണ്.

**2023–24 വർഷംമുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ബാഡ്ജ് ടെസ്റ്റിംഗ് രീതിയുടെ മേന്മകൾ**

- ♦ വിവിധതരം ക്യാമ്പുകളിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നു .
- ♦ പിരിമുറക്കങ്ങളില്ലാതെ ക്യാമ്പുകളിൽ പങ്കെടുക്കാൻ കഴിയുന്നു.
- ♦ പ്രവർത്തനങ്ങളിലൂടെ വിലയിരുത്തൽ നടത്താൻ കഴിയുന്നു.
- ♦ കൃത്യതയാർന്ന വിലയിരുത്തലിന് അവസരം ലഭിക്കുന്നു.
- ♦ ഓർമ്മ പരിശോധനയെക്കാൾ പ്രായോഗിക കഴിവുകൾ വിലയിരുത്താൻ അവസരം ലഭിക്കുന്നു
- ♦ ഭയരഹിതമായി ടെസ്റ്റിംഗ്ക്യാമ്പിൽ പങ്കെടുക്കാൻകഴിയുന്നു.
- ♦ ബാഡ്ജ് ടെസ്റ്റുകളിൽ യൂണിറ്റ്, ലോക്കൽ/ജില്ലാ/സ്റ്റേറ്റ് അസോസിയേഷന് തുല്യ പങ്കാളിത്തവും, ഉത്തരവാദിത്വവും ലഭിക്കുന്നു.
- ♦ പ്രാവീണ്യ മുദ്രകളുടെ പ്രായോഗിക അറിവ് പരിശോധിക്കാൻ കൂടുതൽ അവസരം ലഭിക്കുന്നു.
- ♦ ലോഗ് തയ്യാറാക്കൽ പരിശോധന ഇവ യഥാസമയം തന്നെ ചെയ്യാൻ സാധിക്കുന്നു.
- ♦ ലോഗ് തയ്യാറാക്കുന്നതിന്റെ സങ്കീർണ്ണത ഒരു പരിധിവരെ ലഘൂകരിക്കാൻ കഴിയുന്നു.
- ♦ രാജ്യപുരസ്കാർ അവാർഡ് ലഭിക്കുമ്പോൾ ലക്ഷ്യമിടുന്നനിലവാരം ഉറപ്പ് വരുത്താൻ കഴിയുന്നു.
- ♦ ടെസ്റ്റിംഗ് ക്യാമ്പിൽ കൂടുതൽ അവസരം ലഭിക്കുന്നതിനാൽ റീ-ടെസ്റ്റ് എന്ന ആവശ്യം തന്നെ ഇല്ലാതാകുന്നു.
- ♦ വിവിധ സമയങ്ങളിൽ ടെസ്റ്റിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതുകൊണ്ട് എക്സാമിനേഴ്സിനെ ലഭിക്കാൻ പ്രയാസം നേരിടില്ല.
- ♦ യൂണിറ്റ് റെക്കോഡുകൾ അതത് സമയത്തു തന്നെ അപ്ഡേറ്റ് ചെയ്യാൻ കഴിയുന്നു.
- ♦ യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്കൗട്ട്/ഗൈഡുകളെ കുറിച്ചുള്ള നല്ല ധാരണ ലോക്കൽ, ജില്ലാ അസോസിയേഷനുകൾക്ക് ലഭിക്കുന്നു.
- ♦ ടെസ്റ്റിംഗ് ക്യാമ്പിൽ പങ്കെടുക്കേണ്ട കുട്ടികളുടെ വിവരങ്ങൾ ഒരേ സമയം യൂണിറ്റ്, ലോക്കൽ, ജില്ലാ രജിസ്റ്ററുകളിൽ ഉൾപ്പെടുന്നതുകൊണ്ട് പിന്നീടുള്ള തിരുത്തലുകൾക്ക് സാധ്യതയില്ല.
- ♦ ഉയർന്ന ബാഡ്ജ് ടെസ്റ്റുകൾക്ക് ചോദ്യപേപ്പർ തയ്യാറാക്കാനുള്ള ഉത്തരവാദിത്തം STC മാരുടെ നേതൃത്വത്തിൽ ട്രെയിനർമാർക്ക് ആണെന്നതിനാൽ ടെസ്റ്റിന് ആവശ്യമായ ചോദ്യങ്ങളുടെ ലഭ്യതയും കൃത്യതയും ഉറപ്പുവരുത്താൻ കഴിയുന്നു.

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033